B1-10391/18

# ഇത്തിക്കര ബ്ളോക്ക് പട്ടികജാതി വികസന ആഫീസിന്റെ

## പരിശോധന റിപ്പോർട്ട്

| | | |
|---|---|---|
| പരിശോധന കാലയളവ് | : | 01.04.2015 മുതൽ 31.03.2017 വരെ |
| പരിശോധന ടിം | : | ഫിൻ സി സെക്ഷൻ, പട്ടികജാതി വികസന ഡയറക്ടറേറ്റ്, |
| ജൂനിയർ സൂപ്രണ്ട് | : | സത്യൻ.ആർ |
| സീനിയർ ക്ലാർക്ക് | : | ബി.കെ. ഗോപകുമാർ. |
| പരിശോധന തീയതി | : | 09.10.2017 മുതൽ 13.10.2017 വരെ |

**പരിശോധന കാലയളവിലെ പട്ടികജാതി വികസന ഓഫീസർമാർ: -**

1. ശ്രീ.കെ.സുനിൽകുമാർ - 01.04.2015 മുതൽ 11.01.2016 വരെ
2. ശ്രീ.എ.വേണു - 11.01.2016 മുതൽ 02.02.2016 വരെ
3. ശ്രീ.അരവിന്ദാക്ഷൻചെട്ടിയാർ - 02.02.2016 മുതൽ 10.02.2016 വരെ
4. ശ്രീമതി സി.ഗീത - 10.02.2016 മുതൽ 28.02.2017 വരെ
5. ശ്രീമതി എ.എസ്.ഷീജാബീവി - 28.02.2017 മുതൽ തുടരുന്നു.

## I ആമുഖം

### A വകുപ്പ്തല പരിശോധന സംബന്ധിച്ച് :-

(1) ഇത്തിക്കര ബ്ളോക്ക് പട്ടികജാതി വികസന ഓഫീസിലെ 01.04.2018 (2008) മുതൽ 31.03.2013 വരെയുള്ള കാലയളവിലെ കണക്കു പരിശോധനാ റിപ്പോർട്ടിൽ മറുപടി നൽകി തീർപ്പാക്കാനുള്ള ഖണ്ഡികകളുടെ വിവരം ചുവടെ ചേർക്കുന്നു.

1 (i) ഭവനനിർമാണ പുരോഗതി

2. (f) Land to landless യു.സി.അയച്ചു കൊടുക്കാത്ത്

3. (b) ടോയ്ലറ്റ് നിർമ്മാണം

മേൽപ്പറഞ്ഞ ഖണ്ഡികകൾക്കുള്ള അന്തിമ മറുപടി താമസം വിനാ അയച്ചു കൊടുത്ത് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം
അയ്യങ്കാളി ഭവൻ, വെള്ളയമ്പലം, കവടിയാർ പി.ഒ, തിരുവനന്തപുരം –3
ഫോൺ : 0471 – 2737251, 0471 – 2737252
email: educationa2018@gmail.com

---

~~പി. ഇബ്രാഹിം~~
ജോയിന്റ് ഡയറക്ടർ (വിദ്യാഭ്യാസം)
തിരുവനന്തപുരം – 695 003.

അർദ്ധ ഔദ്യോഗിക കത്ത് നം. എഡ്യു. എ1.3113/15 തീയതി : 10.05.2018

പ്രിയപ്പെട്ട സാർ,

ജാതി സംബന്ധമായ സംശയങ്ങൾക്ക് പരിഹാരം കാണുന്നതിനായി പട്ടികജാതി വിഭാഗങ്ങളെ കിർത്താഡ്സിന്റെ ഓഫീസിൽ വിളിച്ചു വരുത്തി പല തരത്തിലുള്ള ചോദ്യങ്ങൾ ചോദിച്ച് വിഷമിപ്പിക്കുന്നതായ പരാതിയിന്മേൽ തുടർ നടപടി സ്വീകരിച്ച് മറുപടി ലഭ്യമാക്കുവാൻ ഈ ഓഫീസിലെ 13.03.2015, 26.10.2015, 19.05.2016, 24.01.2017, 13.07.2017, 30.11.2017 എന്നീ തീയതികളിലെ മേൽ നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടും നാളിതുവരെ യാതൊരുവിധ മറുപടിയും നൽകാത്തത് ഖേദകരമാണ്. മറുപടി അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നറിയിക്കുന്നു.

ആത്മാർത്ഥതയോടെ,

~~(പി. ഇബ്രാഹിം)~~

ഡയറക്ടർ
കിർത്താഡ്സ്
കോഴിക്കോട്.

SU.21.05.2018

(2) ഈ ഓഫീസിലെ 01.04.2013 മുതൽ 31.03.2015 വരെയുള്ള കണക്കുകളുടെയും പദ്ധതി പ്രവർത്തനങ്ങളുടെയും പരിശോധനാ റിപ്പോർട്ട് ഡയറക്ടറേറ്റിലെ ഫിൻ.ബി1/8500/17 തീയതി 25/7/17 പ്രകാരം ലഭ്യമാക്കിയിരിക്കുന്നു. എന്നാൽ ടി റിപ്പോർട്ടിന് ഒരു പ്രാഥമിക മറുപടി പോലും നൽകിയതായി ഫയലിൽ കാണുന്നില്ല. റിപ്പോർട്ട് അയച്ചു കൊടുക്കുകയും വിവരം റിപ്പോർട്ടു ചെയ്യുകയും വേണ്ടതാണ്.

(B) എ.ജി.യുടെ പരിശോധനാ റിപ്പോർട്ട് സംബന്ധിച്ച് :-

ഇത്തിക്കര ബ്ളോക്ക് പട്ടികജാതി വികസന ഓഫീസിലെ 01/12/2015 മുതൽ 30/11/2016 വരെയുള്ള കണക്കുകൾ എ.ജി. പരിശോധിച്ചതിന്റെ റിപ്പോർട്ട് 07/02/2017-ലെ OA (HQ) IV/II/12-166/16-17/769 പ്രകാരം ലഭ്യമാക്കിയിരിക്കുന്നു. എന്നാൽ ടി റിപ്പോർട്ടിന് ഒരു പ്രാഥമിക മറുപടി പോലും നൽകിയതായി ഫയലിൽ കാണുന്നില്ല. അടിയന്തിരമായ ന്യൂനതപരിഹരണ റിപ്പോർട്ട് അയച്ചു കൊടുക്കുകയും വിവരം റിപ്പോർട്ടു ചെയ്യുകയും വേണ്ടതാണ്.

എ.ജി.യുടെ മുൻ പരിശോധനാ റിപ്പോർട്ടുകളിൽ ഇനിയും തീർപ്പാക്കേണ്ട ഖണ്ഡികകളുടെ വിവരം ചുവടെ ചേർക്കുന്നു. അവയ്ക്കും അന്തിമ മറുപടി നൽകി വിവരം റിപ്പോർട്ടു ചെയ്യേണ്ടതാണ്.

| ക്രമ നമ്പർ | പരിശോധനാ റിപ്പോർട്ട് നമ്പർ | തീർപ്പാക്കാനുള്ള ഖണ്ഡികകൾ |
|---|---|---|
| 1. | OA(HQ) IV/II/12-237/12-13 | part II B-para I to IV |
| 2. | OA (HQ) IV/II/12-183/15-16 | part II B -para I & II |

ഇത്തിക്കര ബ്ളോക്ക് പട്ടികജാതി വികസന ഓഫീസിലെ 01/04/0215 മുതൽ 31/03/2015 വരെയുള്ള കണക്കുകളുടെയും പദ്ധതി പ്രവർത്തനങ്ങളുടെയും പരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

## II ക്യാഷ്ബുക്കും അനുബന്ധ രേഖകളും

### 1.ബിൽബുക്കും ക്യാഷ്ബുക്കും

(a) 25/03/2015 മുതൽ 16/03/2016 വരെയുള്ള ക്യാഷ് ബുക്കിൽ പേജ് 59,70,84 എന്നീ പേജുകളിലെ റദ്ദു ചെയ്ത ഭാഗം സാക്ഷ്യപ്പെടുത്തിയിട്ടില്ല. ന്യൂനത പരിഹരിക്കേണ്ടതാണ്.

(b) ബിൽ നമ്പർ EPB/95/SCDO/15-16 പ്രകാരമുള്ള 28,490/ രൂപ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത വിവരം ക്യാഷ് ബാക്കിൽ ചേർത്തിട്ടില്ല. വിശദീകരണം നൽകേണ്ടതും ന്യൂനത പരിഹരിച്ച് അറിയിക്കേണ്ടതുമാണ്.

പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം
അയ്യങ്കാളി ഭവൻ, വെള്ളയമ്പലം, കവടിയാർ പി.ഒ, തിരുവനന്തപുരം -3
ഫോൺ : 0471 - 2737251, 0471 - 2737252
email: educationa2018@gmail.com

പി.ഇബ്രാഹിം
ജോയിന്റ് ഡയറക്ടർ (വിദ്യാഭ്യാസം)
തിരുവനന്തപുരം - 695 003.

**അർദ്ധ ഔദ്യോഗിക കത്ത് നം. എഡ്യു. എ1.16775/15 തീയതി : 09.05.2018**

പ്രിയപ്പെട്ട ശ്രീ.രാജേഷ്,

2014-15 അദ്ധ്യയന വർഷം തിരുവനന്തപുരം ജില്ലയിലെ പാരാമെഡിക്കൽ/മെഡിക്കൽ പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് വകുപ്പ് മുഖേന അനുവദിച്ച ആനുകൂല്യങ്ങൾ സംബന്ധിച്ച വിശദ വിവരം മടക്ക തപാലിൽ ലഭ്യമാക്കണമെന്ന് അറിയിക്കുന്നു.

ആത്മാർത്ഥതയോടെ,

(പി.ഇബ്രാഹിം)

ശ്രീ.രാജേഷ്
ജില്ലാ പട്ടികജാതി വികസന ആഫീസർ
ആലപ്പുഴ.

SU.18.05.2018

2015-16, 2016-17

(c) 201516,201617 എന്നീ വർഷങ്ങളിലെ ബിൽ ബുക്ക് പേജുകളിൽ ഓരോന്നിലും ബില്ലുകൾ ട്രഷറിയിൽ സമർപ്പിച്ച ഓഫീസറുടെ ഡെസിഗ്നേഷൻ/ ഓഫീസിന്റെ പേര്, ട്രഷറിയുടെ പേര് എന്നിവ രേഖപ്പെടുത്തിക്കാണുന്നില്ല. ന്യൂനത പരിഹരിക്കേണ്ടതാണ്.

(d) CB /40/16-17 GPF closure of PTS, PMH എന്ന 1,33,999/ രൂപയുടെ ബിൽ 29/07/2016 ന് ട്രഷറിയ്ക്ക് നല്കി ടോക്കൺ വാങ്ങിയതായി കാണുന്നു. തുടർന്ന് ഈ ബില്ലിന് എന്ത് സംഭവിച്ചുവെന്ന് ബിൽബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല (തുക എഴുതി ട്രഷറി ഓഫീസർ പാസ്സാക്കുകയോ, ബിൽ നിരാകരിച്ചതായി രേഖപ്പെടുത്തിയിട്ടില്ല.) എന്നാൽ 11/08/2016 ന് ഇതേ തുകയ്ക്കുള്ള CB/48/16-17 PF എന്ന ബിൽ മാറിയിട്ടുള്ളതായും കാണുന്നു. (ബിൽ ബുക്ക് പേജ് 6). വ്യക്തമായ വിശദീകരണത്തോടെ നിജസ്ഥിതി റിപ്പോർട്ട് ചെയ്യേണ്ടതും ട്രഷറി ഓഫീസറെക്കൊണ്ട് ന്യൂനത പരിഹരിക്കേണ്ടതുമാണ്.

(e) 26/10/2016 ന് ബിൽ നമ്പർ CB/100/16-17 Land to the landless പ്രകാരം മാറിയ 15,75,000/ രൂപ ക്യാഷ് ബുക്കിൽ വരവ് ചെലവ് രേഖപ്പെടുത്തിയിട്ടില്ല. വിശദീകരണം നല്കേണ്ടതും ക്യാഷ് ബുക്കിൽ 'red entries' വരുത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(f) ബിൽ നമ്പർ CB/135/16-17 land to the landless grant പ്രകാരമുള്ള ബിൽ തുക 12,00,000/ ആയിരിക്കെ 19/12/2016 ന് ട്രഷറി ഓഫീസർ ബിൽ ബുക്കിലെ ~~10(മ)~~ 10(a) കോളത്തിൽ എഴുതി പാസ്സാക്കിയ തുക 1,20,000/രൂപയാണ്. ട്രഷറി ഓഫീസറെക്കൊണ്ട് യഥാസമയം തിരുത്തൽ വരുത്തി ബിൽബുക്ക് വാങ്ങാതിരുന്നതിന് വിശദീകരണം നൽകേണ്ടതും ന്യൂനത പരിഹരിക്കേണ്ടതുമാണ്.

(g) ബിൽ നമ്പർ CB/153/16-17 inter caste marriage പ്രകാരമുള്ള ബിൽ തുകയും ട്രഷറി പാസ്സാക്കിയ തുകയും 50,000/ ആയിരിക്കെ 12/01/2017 ന് ക്യാഷ് ബുക്കിൽ 5,00,000/- എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ട്രഷറിക്കണക്കുമായി ഒത്തു നോക്കി ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(h) ബിൽ നമ്പർ CB/152/16-17 land to the landless പ്രകാരമുള്ള ബിൽ തുക 7,50,000/ ആയിരിക്കെ, 12/01/2017ന് ബിൽ ബുക്കിലെ 10(ബി) കോളത്തിൽ ട്രഷറി ഓഫീസർ പാസ്സാക്കിയിരിക്കുന്ന തുക 75,000/ ആണ്. യഥാസമയം ട്രഷറി ഓഫിസറെക്കൊണ്ട് ബിൽ ബുക്കിൽ തിരുത്തൽ വരുത്തി വാങ്ങാതിരുന്നതിന് വിശദീകരണം നൽകേണ്ടതും ന്യൂനത പരിഹരിച്ച് അറിയിക്കേണ്ടതുമാണ്.

പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം
അയ്യങ്കാളി ഭവൻ, വെള്ളയമ്പലം, കവടിയാർ പി.ഒ, തിരുവനന്തപുരം -3
ഫോൺ : 0471 - 2737251, 0471 - 2737252
email: educationa2018@gmail.com

---

ടോമി ചാക്കോ (I/C)
ജോയിന്റ് ഡയറക്ടർ (വിദ്യാഭ്യാസം)
തിരുവനന്തപുരം - 695 003.

അർദ്ധ ഔദ്യോഗിക കത്ത് നം. എഡ്യു. എ1.3113/15 തീയതി : .05.2018

പ്രിയപ്പെട്ട സാർ,

ജാതി സംബന്ധമായ സംശയങ്ങൾക്ക് പരിഹാരം കാണുന്നതിനായി പട്ടികജാതി വിഭാഗങ്ങളെ കിർത്താഡ്സിന്റെ ഓഫീസിൽ വിളിച്ചു വരുത്തി പല തരത്തിലുള്ള ചോദ്യങ്ങൾ ചോദിച്ച് വിഷമിപ്പിക്കുന്നതായ പരാതിയിന്മേൽ തുടർ നടപടി സ്വീകരിച്ച് മറുപടി ലഭ്യമാക്കുവാൻ ഈ ഓഫീസിലെ 13.03.2015, 26.10.2015, 19.05.2016, 24.01.2017, 13.07.2017, 30.11.2017 എന്നീ തീയതികളിലെ മേൽ നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടും നാളിതുവരെ യാതൊരുവിധ മറുപടിയും നൽകാത്തത് ഖേദകരമാണ്. മറുപടി അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നറിയിക്കുന്നു.

ആത്മാർത്ഥതയോടെ,

ടോമി ചാക്കോ (I/C)

ഡയറക്ടർ
കിർത്താഡ്സ്
കോഴിക്കോട്.

SU.21.05.2018

8000/-

(i) ബിൽ നമ്പർ CB/197/16-17 Special incentive പ്രകാരമുള്ള തുക ~~800/~~ ആയിരിക്കെ, 28/02/2017-ന് ക്യാഷ് ബുക്കിൽ 80,000/ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ട്രഷറിക്കണക്കുമായി ഒത്തു നോക്കി ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(j) 17/03/2016 മുതൽ 31/03/2017 വരെയുള്ള കാലയളവിൽ Form TR-7A Rule 92(a) പ്രകാരമുള്ള ക്യാഷ് ബുക്കല്ല ഉപയോഗിച്ചിരിക്കുന്നത്. ഒരു അക്കൗണ്ട് ബുക്ക് ആണ് ഉപയോഗിച്ചിട്ടുള്ളത്. നിർദിഷ്ട മാതൃകയിലുള്ള ക്യാഷ് ബുക്ക് ഉപയോഗിക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്.

(k) പരിശോധനാ കാലയളവിലെ ഓരോ സാമ്പത്തിക വർഷാന്ത്യത്തിലെയും നീക്കിയിരിപ്പ് തുകയുടെവിവരം ചുവടെ ചേർക്കുന്നു.

31/03/2016 - Rs. 17,39,600/-

31/03/2017 - Rs.Nil

31/03/2016 സാമ്പത്തിക വർഷാന്ത്യത്തിലെ നീക്കിയിരിപ്പ് തുക ഇത്രത്തോളം അധികരിയ്ക്കാനുണ്ടായ കാരണം വ്യക്തമാക്കേണ്ടതാണ്. പരിശോധനാ തീയതിയിൽ (09/10/2017 ന്) നീക്കിയിരിപ്പ് തുക ഇല്ല.

2. **TR-5 രസീത് ബുക്ക്**

3. **<u>TR5 രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ</u>**

} **ഇവ ഈ ഓഫീസിൽ ഉപയോഗിച്ച് കാണുന്നില്ല**

4. **<u>സി.ആർ.ഡി.ആർ ;-</u>**

(a) സി.ആർ.ഡി.എസ് രജിസ്റ്റർ ഈ ഓഫീസിൽ പരിപാലിച്ചു കാണുന്നില്ല. പിന്നെ എങ്ങനെയാണ് പ്രീ മെട്രിക് ഹോസ്റ്റലിലെ ജീവനക്കാരിൽ നിന്നും ഈടാക്കുന്ന മെസ്സ് ചാർജ്ജ് റിക്കവറി തുക വാർഡന് നൽകുന്നതെന്ന് വിശദമാക്കേണ്ടതാണ്.

(b) ജില്ലാ പട്ടികജാതി വികസന ഓഫീസിൽ നിന്നും ചെക്കായോ പണമായോ ലഭിയ്ക്കുന്ന തുകകളും സി.ആർ.ഡി.ആർ വഴിയാണ് ലഭ്യമാക്കേണ്ടത്. എന്നാൽ കൊല്ലം ജില്ലാ പട്ടികജാതി വികസന ഓഫീസിൽ നിന്നും ലഭിച്ച ചുവടെ ചേർക്കുന്ന തുകകൾ സി.ആർ.ഡി.ആർ വഴിയല്ല ലഭ്യമാക്കിയിട്ടുള്ളത്. ഇപ്രകാരം ലഭിച്ച തുകകൾ സി.ആർ.ഡി.ആർ പരിപാലിച്ച് അതിൽ ചേർത്ത് ഇരു ഓഫീസർമാരും സാക്ഷ്യപ്പെടുത്തലുകൾ വരുത്തേണ്ടതായിരുന്നു. അപ്രകാരം ചെയ്യാതിരുന്നതിന് വിശദീകരണം നല്കേണ്ടതാണ്.

പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം
അയ്യങ്കാളി ഭവൻ, വെള്ളയമ്പലം, കവടിയാർ പി.ഒ, തിരുവനന്തപുരം -3
ഫോൺ : 0471 - 2737251, 0471 - 2737252
email: educationa2018@gmail.com

---

പി. ഇബ്രാഹിം
ജോയിന്റ് ഡയറക്ടർ (വിദ്യാഭ്യാസം)
തിരുവനന്തപുരം - 695 003.

**അർദ്ധ ഔദ്യോഗിക കത്ത് നം. എഡ്യു. എ1. 25091/15 തീയതി : 10.05.2018**

പ്രിയപ്പെട്ട ശ്രീ.രാജേഷ്,

തിരുവനന്തപുരം CET യിൽ 2015-17 കാലയളവിൽ M.Tech ന് പഠിച്ചിരുന്ന പിങ്കി റാം എന്ന വിദ്യാർത്ഥിനിയ്ക്ക് 1-ാം വർഷം ലംപ്സംഗ്രാന്റ് എന്തുകൊണ്ടാണ് ലഭ്യമാകാതിരുന്നത് എന്ന വിഷയത്തിൽ മറുപടി ലഭ്യമാക്കാൻ ഈ ഓഫീസിലെ 06.10.2017, 22.03.2018 എന്നീ തീയതികളിലെ ഇതേ നമ്പർ കത്ത് പ്രകാരം താങ്കളോട് ആവശ്യപ്പെട്ടിട്ടും, മറുപടി ലഭ്യമാക്കാത്തത് ഖേദകരമാണ്. മറുപടി താങ്കൾ വ്യക്തിപരമായ ശ്രദ്ധ ചെലുത്തി മടക്ക തപാലിൽ ലഭ്യമാക്കണമെന്ന് അറിയിക്കുന്നു.

ആത്മാർത്ഥതയോടെ,

(പി. ഇബ്രാഹിം)

ശ്രീ.രാജേഷ്
ജില്ലാ പട്ടികജാതി വികസന ആഫീസർ
തിരുവനന്തപുരം.

SU.21.05.2018

| ക്യാഷ് ബുക്കിൽ വരവ് ചേർത്ത തീയതി | ജില്ലാ പട്ടികജാതി വികസന ഓഫീസിൽ നിന്നും ലഭിച്ച തുകകൾ |
|---|---|
| 11.05.2015 | Rs. 5,30,000/- |
| 29.06.2015 | Rs. 1,70,000/- |
| 29.06.2015 | Rs. 4,70,000/- |
| 17.07.2015 | Rs. 8,000/- |
| 28.09.2015 | Rs. 58,000/- |
| 19.10.2015 | Rs. 9,39,000/- |
| 23.01.~~2015~~ 2016 | Rs. 5000/- |
| 23.01.2~~015~~ 2016 | Rs.1,62,000/- |
| 23.01.2~~015~~ 2016 | Rs. 2,85,000/- |
| 24.01.2~~015~~ 2016 | Rs. 6,15,000/- |
| 29.02.2~~015~~ 2016 | Rs. 3,15,000/- |
| 28.03.2~~015~~ 2016 | Rs. 85,000/- |

5. **ചെല്ലാൻ ഫയൽ**

(a) പരിശോധനാ കാലയളവിൽ ചെല്ലാൻ ഫയൽ പരിപാലിച്ചിട്ടില്ല. ചെല്ലാൻ രസീതുകൾ മറ്റു രസീതുകളോടൊന്നിച്ച് ക്രമരഹിതമായി വച്ചിരിക്കുന്നു. ചെല്ലാൻ ഫയൽ പരിപാലിയ്ക്കാതിരുന്നതിന് വിശദീകരണം നല്കേണ്ടതാണ്.

(b) ചെല്ലാൻ നമ്പർ 14 തീയതി 7/11/16 പ്രകാരം 7322/ രൂപ ട്രഷറിയിൽ ഒടുക്കിയതിന്റെ ചെല്ലാൻ രസീത് പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. ആയത് കണ്ടെടുത്ത് ശരിപ്പകർപ്പ് അയച്ചു തരേണ്ടതാണ്.

6. **അക്വിറ്റൻസ് (സ്റ്റാഫ്)**

(a) ~~201415~~ 2014-15 മുതലുള്ള അക്വിറ്റൻസിൽ പേജ് നമ്പർ നൽകിയിരിക്കുന്ന രീതി ശരിയല്ല. Form TR-95 Rule 432 (a) പ്രകാരമുള്ള അക്വിറ്റൻസ് രജിസ്റ്ററിലെ 1 മുതൽ 10 വരെയുള്ള കോളങ്ങൾ ഉൾപ്പെ~~ടുത്താൻ~~ട്ടതാണ് ഒരു പേജ് (Folio page). ആ വിധത്തിൽ പേജ് നമ്പർ നൽകി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(b) ഈ രജിസ്റ്ററിലെ പേജ് 1,2 എന്നിവ രേഖപ്പെടുത്തലുകളൊന്നും വരുത്താതെ വെറുതെ ഇട്ടിരിക്കുന്നു. അവ റദ്ദു ചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ന്യൂനത പരിഹരിയ്ക്കേണ്ടതാണ്.

(c) ഈ രജിസ്റ്ററിലെ 140 മുതലുള്ള പേജുകളിൽ (8/2/16 മുതൽ) KTC Vol I, Rule 432 (d) പ്രകാരമുള്ള സർട്ടിഫിക്കറ്റ് എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ന്യൂനത പരിഹരിയ്ക്കേണ്ടതാണ്.

# പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്

## (നിലവിൽ. പി.എം. അലി അസ്ഗർ പാഷ ഐ.എ.എസ്)

വിഷയം :- പട്ടികജാതി വികസനം – രണ്ടാം വർഷ അഭിഭാഷക ധനസഹായം – അഡ്വ.ശ്രീജിത്ത്.എസ്.വി-യ്ക്ക് ധനസഹായം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം :- 1. സ.ഉ.(എം.എസ്) നം. 41/84/എച്ച്.ഡബ്ല്യു. തീയതി 24.05.1984.
2. സ.ഉ. (സാധാ) നം. 268/05/ പജ പവ വിവ തീയതി 05.03.2005.
3. സ.ഉ. (സാധാ) നം. 438/11/ പജ പവ വിവ തീയതി 06.05.2011.
4. സ.ഉ. (കൈ) നം. 71/17/പജ പവ വിവ തീയതി 26.08.2017.
5. ഡയറക്ടറുടെ 09.01.2017 ലെ ഡെവ.ബി2 – 31328/16 (Kids) നം. ഉത്തരവ്.
6. തിരുവനന്തപുരം ജില്ലാ പട്ടികജാതി വികസന ആഫീസറുടെ 17.05.2018 ലെ NC – 26014/16 നം. കത്ത്.

---

ഉത്തരവ് നമ്പർ – ഡെവ.ബി2 -11495/18 (K.dis) തീയതി 22.05.2018

---

പരാമർശം (1), (2), (3), (4) ഉത്തരവുകൾ പ്രകാരം നിയമ ബിരുദധാരികളായ പട്ടികജാതിക്കാർക്ക് അഡ്വക്കേറ്റായി പരിശീലനം നടത്തുന്നതിന് ധനസഹായം അനുവദിച്ചു വരുന്നു.

രണ്ടാം വർഷ അഭിഭാഷക ധനസഹായം ലഭിക്കുന്നതിനായി അഡ്വ.ശ്രീജിത്ത്. എസ്.വി സമർപ്പിച്ച അപേക്ഷ തിരുവനന്തപുരം ജില്ലാ പട്ടികജാതി വികസന ഓഫീസർ പരാമർശം (6) പ്രകാരം ശുപാർശ ചെയ്ത് ലഭ്യമാക്കിയിട്ടുണ്ട്. അഡ്വ.ശ്രീജിത്ത്. എസ്.വി-യ്ക്ക് പരാമർശം (5) ഉത്തരവ് പ്രകാരം 05.10.2016 മുതൽ ഒന്നാം വർഷ അഭിഭാഷക ധനസഹായം അനുവദിച്ച് നൽകുകയും ആയതിൻ പ്രകാരം 16.03.2017 ന് ധനസഹായ തുക കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. തുടർന്ന് രണ്ടാം വർഷ ധനസഹായത്തിനായി 19.03.2018 ന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (6) പ്രകാരം തിരുവനന്തപുരം ജില്ലാ പട്ടികജാതി വികസന ഓഫീസർ ശുപാർശ ചെയ്ത് ലഭ്യമാക്കിയ അഡ്വ.ശ്രീജിത്ത്. എസ്.വിയുടെ അപേക്ഷ പരിശോധിച്ചതിൽ ടിയാൾക്ക് 05.10.2017 മുതൽ രണ്ടാം വർഷ അഭിഭാഷക ധനസഹായത്തിന് അർഹതയുള്ളതായി കാണുന്നു.

മേൽ സാഹചര്യത്തിൽ 25.09.2016 ന് വക്കീലായി എൻറോൾ ചെയ്ത് പരിശീലനം തുടരുന്ന അഡ്വ.ശ്രീജിത്ത്. എസ്.വി-യ്ക്ക് പരാമർശം (4) ഉത്തരവിന്റെ അടിസ്ഥാനത്തിൽ താഴെ കാണിച്ചിരിക്കുന്ന നിരക്കിൽ 05.10.2017 മുതൽ രണ്ടാം വർഷ അഭിഭാഷക ധനസഹായം അനുവദിച്ച് ഉത്തരവാകുന്നു.

| | | | |
|---|---|---|---|
| 1. | വസ്ത്രം വാങ്ങുന്നതിന് (പ്രതിവർഷം) | – | 4,000/- |
| 2. | പുസ്തകം വാങ്ങുന്നതിന് (പ്രതിവർഷം) | – | 12,000/- |
| 3. | മുറിവാടക (പ്രതിമാസം 500/- രൂപ നിരക്കിൽ) | – | 6,000/- |
| | ആകെ | – | 22,000/- |

(d) 1/6/2016 മുതൽ ശമ്പള ഇനത്തിലുള്ള തുക ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത് വരുന്നു. ആയതിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് അക്വിറ്റൻസിൽ ഒട്ടിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് (1/7/2016 വരെ). ഈ രജിസ്റ്ററിലെ 69-70 പേജുകളിൽ ശ്രീ.വസന്തൻ പിള്ള കുക്ക് 17310/- രൂപ സ്റ്റാംപ് പതിയ്ക്കാതെ കൈപ്പറ്റിയിരിക്കുന്നു. ന്യൂനത പരിഹരിയ്ക്കേണ്ടതാണ്.

(e) മേൽപ്പറഞ്ഞ രജിസ്റ്ററിലെ 69,70,71,72 എന്നീ പേജുകളിലെ തുക വിതരണം സാക്ഷ്യപ്പെടുത്തിയിട്ടില്ല.69 മുതൽ 72 വരെയും 80 മുതൽ 84 വരെയും ഉള്ള പേജുകളിൽ KTC Vol I, Rule 432 (d) പ്രകാരമുള്ള സർട്ടിഫിക്കറ്റ് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല. ന്യൂനത പരിഹരിയ്ക്കേണ്ടതാണ്.

(f) അക്വിറ്റൻസ് പേജ് 83-84 ലായി വിതരണം ചെയ്തിരിക്കുന്ന 13385/- രൂപ (Group Insurance Scheme - Smt.R.Valsala, Rtd.cook) ക്യാഷ് ബുക്കിൽ വരവു ചേർത്ത് കാണുന്നില്ല. മാത്രമല്ല, അക്വിറ്റൻസിൽ ബിൽ നമ്പർ, തുക മാറിയ തീയതി എന്നിവയും രേഖപ്പെടുത്തിയിട്ടില്ല. വിശദീകരണം നല്കേണ്ടതും ന്യൂനത പരിഹരിച്ച് അറിയിക്കേണ്ടതുമാണ് .

(g) ~~201617~~ 2016-17 ജൂലൈ മുതലുള്ള അക്വിറ്റൻസിൽ പേജ് സർട്ടിഫിക്കറ്റ് [പേജ് നമ്പർ 26 മുതൽ ബാങ്ക് സ്റ്റേറ്റ്മെന്റ് സാക്ഷ്യപ്പെടുത്തുകയോ] സാക്ഷ്യപ്പെടുത്തുകയോ KTC Vol I, Rule 432 (d) പ്രകാരമുള്ള സർട്ടിഫിക്കറ്റ് രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ന്യൂനത പരിഹരിയ്ക്കേണ്ടതാണ്.

7 **<u>അക്വിറ്റൻസ് (എസ്.സി പ്രൊമോട്ടേഴ്സ് & അപ്രന്റീസ് ക്ളാർക്ക്)</u>**

രജിസ്റ്റർ പരിപാലിച്ചു വരുന്നു. അക്വിറ്റൻസ് പേജ് 46 മുതൽ 51 വരെ പേജുകളിലെ തുക വിതരണം ജില്ലാ പട്ടിക ജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ബാങ്ക് അക്കൗണ്ടിലേക്ക് പോകുന്ന തുകയ്ക്കും സ്റ്റാംപ് പതിച്ച് ഒപ്പിട്ടിരിക്കുന്നു. ബാങ്ക് അക്കൗണ്ടിലേക്ക് പോകുന്ന തുകയുടെ ക്രെഡിറ്റ് സ്ളിപ്പ് (അക്നോളജ്മെന്റ് സ്ളിപ്പ്) ഡൗൺലോഡ് ചെയ്ത് അക്വിറ്റൻസിൽ ഒട്ടിച്ച് ജില്ലാ പട്ടിക ജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തിയാൽ മതിയാകും. ഈ രജിസ്റ്ററിലും KTC Vol I, Rule 432 (d) പ്രകാരമുള്ള സർട്ടിഫിക്കറ്റ് എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ന്യൂനതകൾ പരിഹരിയ്ക്കേണ്ടതാണ്.

**പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം**
അയ്യങ്കാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ., തിരുവനന്തപുരം - 3
Phone No. 0471-2737240, 0471-2737229, 0471-2737232
email – scdirectorate@gmail.com

---

**"ഭരണഭാഷ - മാതൃഭാഷ"**

ഡെവ.ബി2-257/15

തീയതി : 18.05.2018.

ഡയറക്ടർ

ജില്ലാ പട്ടികജാതി വികസന ആഫീസർ,
കൊല്ലം.

സർ,

വിഷയം :- പട്ടികജാതി വികസനം - സുതാര്യ കേരളം - ഭവന നിർമ്മാണ ധനസഹായം - ലഭിക്കുന്നതിന് ശ്രീ. രാധാകൃഷ്ണന്റെ അപേക്ഷ റിപ്പോർട്ട് ലഭ്യമാക്കാത്തത് - സംബന്ധിച്ച്.

സൂചന :- 1. 29.10.14 തീയതിയിലെ 47469/CMPGRC3/SK/2014/GAD നമ്പർ കത്ത്.

2. ഈ ആഫീസിൽ നിന്നുള്ള 12.01.15 തീയതിയിലെ ഇതേ നമ്പർ കത്തും 15.06.2016 തീയതിയിലെ ഓർമ്മക്കുറിപ്പും.

**************

ഭവന നിർമ്മാണ ധനസഹായം ലഭിക്കുന്നതിന് ശ്രീ. രാധാകൃഷ്ണൻ. എസ്, മുത്തേഴത്ത് കിഴക്കേത്തറ, ശക്തികുളങ്ങര, കൊല്ലം സമർപ്പിച്ച അപേക്ഷയിന്മേൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് സൂചന (2) പ്രകാരം താങ്കളുടെ ഓഫീസിലേക്ക് അയച്ചിരുന്നുവെങ്കിലും ആയത് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. സുതാര്യ കേരളവുമായി ബന്ധപ്പെട്ട് സർക്കാരിൽ അടിയന്തിരമായി റിപ്പോർട്ട് സമർപ്പിക്കേണ്ട വിഷയത്തിൽ കാലതാമസം വരുത്തിയതിനുള്ള വിശദീകരണം സഹിതം 01.06.2018 -ന് മുമ്പായി മേൽ വിഷയത്തിന്മേലുള്ള റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. അപേക്ഷ പരിശോധിച്ച് നിലവിലെ സ്ഥിതി സഹിതം റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി പകർപ്പ് ഒരിക്കൽ കൂടി ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,
(ഒപ്പ്)
ഡയറക്ടർക്കുവേണ്ടി
ജോയിന്റ് ഡയറക്ടർ(വികസനം).

ആജ്ഞാനുസരണം,

സൂപ്രണ്ട്.
S 26.05.18.

8 **അക്വിറ്റൻസ് (പാർട്ട് ടൈം സ്റ്റാഫ് & അപ്രന്റീസ് ക്ളാർക്ക്)**

(a) നിശ്ചിത മാതൃകയിലുള്ള അക്വിറ്റൻസല്ല ഉപയോഗിച്ചിട്ടുള്ളത് പകരം ഒരു ചെക്ക് ഇഷ്യൂ രജിസ്റ്ററാണ് അക്വിറ്റൻസായി വച്ചിട്ടുള്ളത്. ഈ രജിസ്റ്ററിൽ പരിശോധനകാലയളവിൽ KTC Vol I, Rule 432 (d) പ്രകാരമുള്ള സർട്ടിഫിക്കറ്റ് രേഖപ്പെടുത്തിയിട്ടില്ല. പേജ് സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തിക്കാണുന്നില്ല. വിശദീകരണം നൽകേണ്ടതും ന്യൂനത പരിഹരിച്ച് അറിയിക്കേണ്ടതുമാണ്.

(b) ബിൽ നമ്പർ CB/16/2015-16 daily wages പ്രകാരമുള്ള 3500/ രൂപയുടെ വരവും ചെലവും 28/5/2015ന് ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിക്കാണുന്നു. എന്നാൽ അക്വിറ്റൻസിൽ ഒപ്പിട്ട് ഈ തുക കൈപ്പറ്റിയത് 01/06/2015-നാണ്. മാത്രമല്ല അക്വിറ്റൻസിൽ തുക മാറിയ തീയതി 30/05/2015 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തീയതികളിൽ വ്യത്യാസം വന്നതിന് വിശദീകരണം നല്കേണ്ടതും ന്യൂനത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

(c) ഈ രജിസ്റ്ററിലെ പേജ് 79 മുതലുള്ള തുക വിതരണം ~~ജില്ലാ~~ പട്ടിക ജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ന്യൂനത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

9 **അക്വിറ്റൻസ് ( പദ്ധതി ആനുകൂല്യവിതരണം)**

പ്രത്യേക പരാമർശമില്ല.

10. **വൗച്ചറുകൾ / രസീതുകൾ**

ക്യാഷ്ബുക്കിൽ ചെലവ് രേഖപ്പെടുത്തിയിട്ടുള്ള ചുവടെ ചേർക്കുന്ന തുകകളുടെ വൗച്ചറുകൾ/കൈപ്പറ്റ് രസീതുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അവ കണ്ടെടുത്ത് ശരിപ്പകർപ്പ് അയച്ചു തരേണ്ടതാണ്.

| ക്യാഷ് ബുക്കിലെ തീയതി | തുക | ഇനം |
|---|---|---|
| 10.07.2015 | Rs.3000/- | വിജ്ഞാൻവാടി |
| 06.11.2015 | Rs.600/- | മെസ്സ് ചാർജ്ജ് റിക്കവറി |
| 19.02.2016 | Rs.600/- | മെസ്സ് ചാർജ്ജ് റിക്കവറി |
| 03.03.2016 | Rs.600/- | മെസ്സ് ചാർജ്ജ് റിക്കവറി |
| 05.03.2016 | Rs.600/- | മെസ്സ് ചാർജ്ജ് റിക്കവറി |
| 01.07.2016 | Rs.600/- | മെസ്സ് ചാർജ്ജ് റിക്കവറി |
| 03.08.2016 | Rs.600/- | മെസ്സ് ചാർജ്ജ് റിക്കവറി |
| 05.10.2016 | Rs.600/- | മെസ്സ് ചാർജ്ജ് റിക്കവറി |
| 19.12.2016 | Rs.2000/- | OE (CB/136/16-17) |

ഒപ്പ്. ഒപ്പ്

പി. ഇബ്രാഹിം,
ജോയിന്റ് ഡയറക്ടർ (വിദ്യാഭ്യാസം)
പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റ്,
വെള്ളയമ്പലം, തിരുവനന്തപുരം.

**അർദ്ധ ഔദ്യോഗിക കത്ത് നമ്പർ. എഡ്യൂ. എ1-23415/14, തീയതി : 15.05.2018**

പ്രിയപ്പെട്ട ശ്രീമതി. ശാന്താമണി,

ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ താലൂക്കിലെ ആലാ വില്ലേജിൽ കളീയ്ക്കൽ വീട്ടിൽ രാജൻ. കെ. കെ എന്നയാൾ മകൾ അശ്വതിയുടെ പഠനത്തിനായി ചെങ്ങന്നൂർ ആല ഫെഡറൽ ബാങ്കിൽ നിന്നും വിദ്യാഭ്യാസ ലോൺ എടുത്തതിനെ തുടർന്ന് ജപ്തി നടപടി നേരിടുന്നു എന്ന വിഷയത്തിൽ 04.11.17, 12.06.17 എന്നീ തീയതികളിലെ ഇതേ നമ്പർ കത്ത് പ്രകാരവും 15.12.17, 12.03.18 എന്നീ തീയതികളിലെ അർദ്ധ ഔദ്യോഗിക കത്ത് പ്രകാരവും താങ്കളോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടും നാളിതുവരെ ആയത് ലഭ്യമാക്കാത്തത് ഖേദകരമാണ്. മറുപടി മടക്കത്തപാലിൽ ലഭ്യമാക്കാത്ത പക്ഷം വിവരം ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണെന്ന് അറിയിക്കുന്നു.

ആത്മാർത്ഥതയോടെ,

( പി. ഇബ്രാഹിം)

ഒപ്പ് ഒപ്പ്

ശ്രീമതി. ശാന്താമണി,
ജില്ലാ പട്ടികജാതി വികസന ആഫീസർ,
ആലപ്പുഴ

S 19.05.18

# വിഭാഗം III

## 1.ഹൗസിംഗ് ഗ്രാന്റ്

2007-08 മുതൽ 2016-17 വരെയുള്ള ഭവനനിർമ്മാണത്തിന്റെ ഭൗതിക നേട്ടം ചുവടെ ചേർക്കുന്നു.

| വർഷം | ആകെ അനുവദിച്ച വീടുകൾ | പൂർത്തിയാക്കിയവ | ശേഷിക്കുന്നവ | ശേഷിക്കുന്നവയുടെ വിവിധ ഘട്ടങ്ങൾ | | |
|---|---|---|---|---|---|---|
| | | | | I | II | III |
| 2007-08 | 146 | 125 | 21 | 5 | 11 | 5 |
| 2008-09 | 205 | 181 | 24 | 4 | 8 | 12 |
| 2009-10 | 78 | 72 | 6 | 0 | 3 | 3 |
| 2010-11 | 90 | 69 | 21 | 10 | 6 | 5 |
| 2011-12 | 25 | 19 | 6 | 1 | 3 | 2 |
| 2012-13 | 60 | 44 | 16 | 4 | 4 | 8 |
| 2013-14 | 48 | 38 | 10 | 1 | 3 | 6 |
| 2014-15 | 46 | 38 | 8 | 6 | 0 | 2 |
| 2015-16 | 50 | 42 | 8 | 1 | 3 | 4 |
| 2016-17 | 121 | 24 | 97 | 18 | 44 | 35 |

ടി ആവശ്യത്തിലേയ്ക്കുള്ള ഗുണഭോക്തൃ രജിസ്റ്റർ നന്നായി പരിപാലിക്കുന്നു. എന്നാൽ വേണ്ട സർട്ടിഫിക്കറ്റ് എഴുതി സാക്ഷ്യപ്പെടുത്തി വരുന്നില്ല. 2015-16 ൽ 1) സരിത, തൊടിയിൽ വീട്, കലയ്ക്കോട്, പൂതുക്കുളം 2) രാധ,രാധ ഭവൻ,ഒഴുകുപാറ കോളനി, പോളച്ചിറ (പി.ഒ.) എന്നി 2 ഗുണഭോക്താക്കൾക്ക് ഒന്നാം ഗഡു തുക രൂ.45,000/ അനുവദിച്ചതായും കാണുന്നു. എന്നാൽ പിന്നീടത് റദ്ദ് ചെയ്തതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സാഹചര്യം വിശദീകരിക്കേണ്ടതും അനുവദിച്ച് നല്കിയ തുകയുടെ വിവരം കൂടി അറിയിക്കേണ്ടതാണ്. ടി ആവശ്യത്തിലേക്കുള്ള അപേക്ഷകൾ കുറ്റമറ്റ രീതിയിൽ കൈകാര്യം ചെയ്തിരുന്നെങ്കിലും എഗ്രിമെന്റ് വയ്ക്കുന്നതിൽ വന്ന വീഴ്ചകൾ ചുവടെ ചേർക്കുന്നു.

1) 2015-16, 2016-17 എന്നീ വർഷങ്ങളിൽ ഉള്ള ഗുണഭോക്താക്കൾ വച്ചിട്ടുള്ള എഗ്രിമെന്റിൽ ജില്ലാ പട്ടിക ജാതി വികസന ഓഫീസർ, സാക്ഷികൾ എന്നിവർ ഒപ്പിട്ടിട്ടില്ല.

2) 2016-17 ലെ ഗുണഭോക്താക്കളായ സ്റ്റാൻലി ശിവൻ, മോളി പ്രസാദ് എന്നിവർ 200/- രൂപയുടെ മുദ്രപ്പത്രം വാങ്ങിവച്ചിട്ടുണ്ടെങ്കിലും ഒപ്പ് ചാർത്തിയിട്ടില്ല.

3) 2016-17 ലെ ചുവടെ പറയുന്ന ഗുണഭോക്താക്കൾ എഗ്രിമെന്റ് വച്ചിട്ടില്ല.

1) രമ്യാ.ബി , 2) രമ്യ കൃഷ്ണൻ, 3) ശിവനാഥൻ, 4) സജിത്ത്, 5) ഉല്ലാസ്.പി.എസ്., 6) ജ്യോതി, 7) ശിവകുമാർ.എസ്., 8) പ്രഭാ.എ., 9) സജിതകുമാരി,10) സതീഷ്.എസ്., 11) സിന്ധു.സി., 12) ശ്യാമിലി, 13) മഹേഷ്.ബി., 14)സുജി കുമാർ, 15) ഗിരിജ, 16) കല.എസ്.,17) സന്ധ്യ.വി., 18) സനിത.ആർ., 19) സുദേവൻ.വി., 20) ശശി.എസ്. എന്നിങ്ങനെ 20 ഗുണഭോക്താക്കൾ എഗ്രിമെന്റ് വയ്ക്കുന്നതിലേയ്ക്ക് മുദ്രപ്പത്രം വാങ്ങിയിട്ടില്ല.

# പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്

## (നിലവിൽ : പി. എം. അലി അസ്ഗർ പാഷ് ഐ. എ. എസ്)

വിഷയം :- പട്ടികജാതി വികസനം - പുന്നപ്ര എം.ആർ.എസ് -ലെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ - ടോട്ടൽ സ്റ്റേഷൻ സർവ്വെയും മണ്ണ് പരിശോധനയും നടത്തുന്നതിന് തുക അനുവദിച്ച് ഉത്തരവാകുന്നു.

സൂചന - ആലപ്പുഴ ജില്ലാ പട്ടികജാതി വികസന ആഫീസറുടെ 24.03.18 തീയതിയിലെ എ4-4433/18(2) നമ്പർ കത്ത്.

==========================================================================

ഉത്തരവ് നമ്പർ : എസ്സ്യൂ.സി1-7498/18 തീയതി : 21.05.2018.

==========================================================================

വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചു വരുന്ന ആലപ്പുഴ ജില്ലയിലെ പുന്നപ്ര എം.ആർ.എസ് -ൽ വിവിധ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ടോട്ടൽ സ്റ്റേഷൻ സർവ്വേ, മണ്ണ് പരിശോധന എന്നിവ നടത്തുന്നതിന് 3,00,000/- രൂപ അനുവദിക്കണമെന്ന് ആലപ്പുഴ ജില്ലാ പട്ടികജാതി വികസന ആഫീസർ സൂചന പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിലേയ്ക്ക് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റും ജില്ലാ പട്ടികജാതി വികസന ആഫീസർ ശുപാർശ സഹിതം അയച്ചു തന്നിട്ടുണ്ട്.

പുന്നപ്ര എം.ആർ.എസ് -ൽ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം, എ, ബി ബ്ലോക്കുകളുടെ നവീകരണം, ഔട്ട് ഡോർ സ്റ്റേഡിയം, സിന്തറ്റിക് ട്രാക്ക്, ഇൻഡോർ സ്വിമ്മിംഗ് പൂൾ, വെയിറ്റിംഗ് ഏര്യ തുടങ്ങിയ നിർമ്മാണ പ്രവൃത്തികൾ നടത്തേണ്ടതുള്ളതിനാൽ ടോട്ടൽ സ്റ്റേഷൻ സർവ്വേയും മണ്ണ് പരിശോധനയും അടിയന്തിരമായി പൂർത്തിയാക്കേണ്ടതുണ്ട്.

മേൽ സാഹചര്യത്തിൽ പുന്നപ്ര എം.ആർ.എസ്-ൽ നടത്തേണ്ട നിർമ്മാണ പ്രവൃത്തികളുമായി ബന്ധപ്പെട്ട് ടോട്ടൽ സ്റ്റേഷൻ സർവ്വെ, മണ്ണ് പരിശോധന എന്നിവ നടത്തുന്നതിന് പി.ഡബ്ല്യൂ.ഡി -യുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള 3,00,000/- രൂപ (മൂന്ന് ലക്ഷം രൂപ മാത്രം) അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ഇതിലേക്കാവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷത്തെ 2225-01-277-58(പി) എന്ന ശീർഷകത്തിൽ നിന്നും ചെലവ് ചെയ്യേണ്ടതും അസ്സൽ വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് അയച്ച് പകർപ്പ് ഈ ആഫീസിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)
ഡയറക്ടർ

ജില്ലാ പട്ടികജാതി വികസന ഓഫീസർ, ആലപ്പുഴ

പകർപ്പ് :-1. സീനിയർ സൂപ്രണ്ട്, പുന്നപ്ര എം.ആർ.എസ്
3. ഫിൻ സെക്ഷൻ (എ) (തുക അലോട്ട് ചെയ്യുന്നതിനായി)
4. പ്ലാനിംഗ് സെക്ഷൻ
5. കരുതൽ/അധികം

ഡയറക്ടർക്കു വേണ്ടി
ജോയിന്റ് ഡയറക്ടർ(വിദ്യാഭ്യാസം)

S 22.05.18

മേൽപ്പറഞ്ഞ ന്യൂനതകൾ പരിഹരിക്കുകയും എഗ്രിമെന്റ് വയ്ക്കുന്നതിലേക്ക് മുദ്രപ്പത്രം വാങ്ങാതെ ഗ്രാന്റ് അനുവദിച്ചത് ഗുരുതരമായ വീഴ്ചയാണ്. ~~200~~ 20 പേർ മുദ്രപ്പത്രം വാങ്ങാത്തതിനാൽ സർക്കാരിന് 20 x 200 ആകെ 4000/- രൂപ നഷ്ടം വന്നിട്ടുണ്ട്. ആയത് ചുമതലയുള്ള ഉദ്യോഗസ്ഥന്റെ ബാധ്യതയിൽ ഉൾപ്പെടുത്താവുന്നതാണ്. ടി കാലയളവിൽ ഫയലുകളും, രജിസ്റ്ററുകളും കൈകാര്യം ചെയ്തിരുന്ന സീനിയർ ക്ളാർക്കിന്റെ ഉത്തരവാദിത്തവും എടുത്തു പറയേണ്ടതാണ്. ടി വീഴ്ചയിൽ വിശദികരണം നല്കേണ്ടതാണ്.

## 2) ഭൂരഹിത ധനസഹായം

2015-16,2016-17 എന്നീ വരഷങ്ങളിൽ ടി പദ്ധതിയ്ക്ക് വന്നിട്ടുള്ള ഭൗതിക നേട്ടം, ചെലവു വിവരം എന്നിവ ചുവടെ കുറിക്കുന്നു.

| വർഷം | ആകെ ഗുണഭോക്താക്കൾ | ആകെ ചെലവ് |
|---|---|---|
| 2015-16 | 44 | 1,74,75,000 |
| 2016-17 | 48 | 1,86,05,350 |

ടി ആവശ്യത്തിനായി രജിസ്റ്റർ നന്നായി പരിപാലിക്കുന്നു. ടാർജറ്റ് നിശ്ച യിച്ചിട്ടുള്ള ജില്ലാ പട്ടിക ജാതി വികസന ഓഫീസറുടെ ഉത്തരവ് നമ്പർ, തീയതി. ബിൽ നമ്പർ. തീയതി എന്നിവ കൂടി രജിസ്റ്ററിൽ എഴുതാൻ ശ്രദ്ധിക്കേണ്ടതാണ്. രജിസ്റ്ററിന്റെ പല പേജുകളും ഉപയോഗിച്ചിട്ടില്ല. ആയത് റദ്ദ് ചെയ്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. 2015-16 ൽ അ [illegible]/2/15 തീയതി 06/05/2015 എന്ന ജില്ലാ പട്ടിക ജാതി വികസന ഓഫീസറുടെ ഉത്തരവു പ്രകാരം ടാർജറ്റ് 30 ആയിരുന്നു. എന്നാൽ ആനുകൂല്യം നൽകിയത് 44 പേർക്കാണ്. പുന:ക്രമീകരിച്ച ഉത്തരവ് ഫയലിൽ ഇല്ലായിരുന്നു. എഗ്രിമെന്റിൽ സാക്ഷികൾ, പട്ടികജാതി വികസന ഓഫീസർ എന്നിവരുടെ ഒപ്പുകൾ കാണുന്നില്ല. [illegible] അയച്ചതായി രജിസ്റ്ററിലും ഫയലിലും കണ്ടില്ല. ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ടു ചെയ്യേണ്ടതാണ്.

A4- 1372/15

## 3) ഭവനപുനരുദ്ധാരണ ഗ്രാന്റ്

ആഡിറ്റ് കാലയളവിലെ ടി പദ്ധതിയ്ക്കുണ്ടായ ഭൗതിക പുരോഗതി ചുവടെ ചേർക്കുന്നു.

| വർഷം | ഒന്നാം ഗഡു നൽകിയത് | രണ്ടാം ഗഡു നൽകിയത് |
|---|---|---|
| 2015-16 | 47 | 43 |
| 2016-17 | 66 | 60 |

ടി ആവശ്യത്തിനായി ഉപയോഗിക്കുന്ന ഗുണഭോക്തൃരജിസ്റ്ററിൽ പേജ് എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. കൂടാതെ ഓരോ ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകി വരുന്നത് പട്ടിക ജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ട താണ് . അത്തരത്തിൽ പട്ടിക ജാതി വികസന ഓഫീസർ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. എഗ്രിമെന്റ് പേപ്പറുകളിൽ സാക്ഷികൾ, പട്ടിക ജാതി വികസന ഓഫീസർ എന്നിവരുടെ ഒപ്പില്ല. 2016-17 ൽ ലത.സി, വിനീതാ ഭവൻ, മലയാറ്റിക്കോണം എന്ന വ്യക്തിക്ക് 25/11/2016 ൽ 25000/- രൂപ നൽകുകയും പിന്നീട് ടി ഗുണഭോക്താവിനെ ഒഴിവാക്കിയ തായും കണ്ടിരുന്നു. ഒരിക്കൽ തെരഞ്ഞെടുത്ത വ്യക്തിയെ ഒഴിവാക്കേണ്ട സാഹചര്യം

# പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്

## (നിലവിൽ : ബി. ശ്രീകുമാർ (I/C))

വിഷയം :- പട്ടികജാതി വികസനം - പുന്നപ്ര എം.ആർ.എസ് -ലെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ - ടോട്ടൽ സ്റ്റേഷൻ സർവ്വെയും മണ്ണ് പരിശോധനയും നടത്തുന്നതിന് തുക അനുവദിച്ച് ഉത്തരവാകുന്നു.

സൂചന :- ആലപ്പുഴ ജില്ലാ പട്ടികജാതി വികസന ആഫീസറുടെ 24.03.18 തീയതിയിലെ എ4-4433/18(2) നമ്പർ കത്ത്.

==========================================================================================

ഉത്തരവ് നമ്പർ : എഡ്യൂ.സി1-7498/18 തീയതി : 21.05.2018.

==========================================================================================

വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചു വരുന്ന ആലപ്പുഴ ജില്ലയിലെ പുന്നപ്ര എം.ആർ.എസ് -ൽ വിവിധ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ടോട്ടൽ സ്റ്റേഷൻ സർവ്വേ, മണ്ണ് പരിശോധന എന്നിവ നടത്തുന്നതിന് 3,00,000/- രൂപ അനുവദിക്കണമെന്ന് ആലപ്പുഴ ജില്ലാ പട്ടികജാതി വികസന ആഫീസർ സൂചന പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിലേയ്ക്ക് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റും ജില്ലാ പട്ടികജാതി വികസന ആഫീസർ ശുപാർശ സഹിതം അയച്ചു തന്നിട്ടുണ്ട്.

പുന്നപ്ര എം.ആർ.എസ് -ൽ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം, എ, ബി ബ്ലോക്കുകളുടെ നവീകരണം, ഔട്ട് ഡോർ സ്റ്റേഡിയം, സിന്തറ്റിക് ട്രാക്ക്, ഇൻഡോർ സ്വിമ്മിംഗ് പൂൾ, വെയിറ്റിംഗ് ഏര്യ തുടങ്ങിയ നിർമ്മാണ പ്രവൃത്തികൾ നടത്തേണ്ടതുള്ളതിനാൽ ടോട്ടൽ സ്റ്റേഷൻ സർവ്വേയും മണ്ണ് പരിശോധനയും അടിയന്തിരമായി പൂർത്തിയാക്കേണ്ടതുണ്ട്.

മേൽ സാഹചര്യത്തിൽ പുന്നപ്ര എം.ആർ.എസ്-ൽ നടത്തേണ്ട നിർമ്മാണ പ്രവൃത്തികളുമായി ബന്ധപ്പെട്ട് ടോട്ടൽ സ്റ്റേഷൻ സർവ്വെ, മണ്ണ് പരിശോധന എന്നിവ നടത്തുന്നതിന് പി.ഡബ്ല്യൂ.ഡി -യുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള 3,00,000/- രൂപ (മൂന്ന് ലക്ഷം രൂപ മാത്രം) അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ഇതിലേക്കാവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷത്തെ 2225-01-277-58(പി) എന്ന ശീർഷകത്തിൽ നിന്നും തേർച്ച ചെയ്യേണ്ടതും അസ്സൽ വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് അയച്ച് പകർപ്പ് ഈ ആഫീസിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)
ഡയറക്ടർ(I/C)

ജില്ലാ പട്ടികജാതി വികസന ഓഫീസർ, ആലപ്പുഴ

പകർപ്പ് :-1. സീനിയർ സൂപ്രണ്ട്, പുന്നപ്ര എം.ആർ.എസ്
3. ഫിൻ സെക്ഷൻ (എ) (തുക അലോട്ട് ചെയ്യുന്നതിനായി)
4. പ്ലാനിംഗ് സെക്ഷൻ
5. കരുതൽ/അധികം

ഡയറക്ടർക്കു വേണ്ടി
ജോയിന്റ് ഡയറക്ടർ(വിദ്യാഭ്യാസം)

S 22.05.18

വിശദീകരിക്കേണ്ടതാണ്. ടിയാൾക്ക് അനുവദിച്ച 25000/- സർക്കാരിലേക്ക് തിരിച്ചടച്ചോ?. വിവരം റിപ്പോർട്ടു ചെയ്യണം. ഓരോ വർഷവും 4,6 എന്നിങ്ങനെ പൂർത്തിയാക്കാത്തവരുടെ ഇപ്പോഴത്തെ അവസ്ഥ റിപ്പോർട്ട് ചെയ്യേണ്ടതാണ്. ന്യൂനതകൾ പരിഹരിച്ച് വിവരം അറിയിക്കുക.

## 4) മിശ്രവിവാഹ ധനസഹായം

2015-16,2016-17 എന്നീ വർഷങ്ങളിൽ ടി പദ്ധതിയ്ക്ക് വന്നിട്ടുള്ള പുരോഗതി വിവരം, ചെലവ് എന്നിവ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 2015-16 | 4 | 2,00,000 |
| 2016-17 | 17 | 8,50,000 |

ടി ആവശ്യത്തിൻമേലുള്ള ഗുണഭോക്തൃരജിസ്റ്ററിൽ വിവരങ്ങൾ എഴുതിയിട്ടുണ്ട്. രജിത്.ആർ., - രാജി.എസ്.ആർ., ചന്ദു, - നീതുമോൾ എന്നീ ദമ്പതിമാർക്ക് കറവപശു വാങ്ങി ഉപജീവനം കഴിയുന്നതിനായി 50,000/ രൂപ വീതം അനുവദിച്ചിരുന്നു. ടി രണ്ടു കുടുംബങ്ങളും ജി.അനിൽകുമാർ, കൊടുവാതുക്കൽ ചരുവിള പുത്തൻ വീട്,താഴം വടക്ക്, ചാത്തന്നൂർ (പി.ഒ.) എന്ന വ്യക്തിയിൽ നിന്നും 2 കറവപശുക്കൾ വാങ്ങുകയും ( വില യഥാക്രമം 53000/- രൂപ, 52000/- രൂപ) ആയതിന്റെ വിലച്ചീട്ട് ഫയലിൽ സൂക്ഷിക്കുകയും ചെയ്യുന്നു. എന്നാൽ ടി പശുക്കളെ ഇൻഷ്വർ ചെയ്യാതെ ആണ് വാങ്ങിയിരിക്കുന്നത്. പട്ടികജാതി വികസന ഓഫീസർ ഗുണഭോക്താക്കളുമായി എഗ്രിമെന്റ് എക്സിക്യൂട്ട് ചെയ്തിട്ടില്ല. വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് അയച്ചതായി ഫയലിൽ വിവരം ഇല്ല. ശ്രീജിത്ത്.എസ്., അതുല്യ.റ്റി.ജെ. എന്നീ ദമ്പതികൾക്ക് ഓട്ടോ വാങ്ങി ജീവിതചെലവ് കണ്ടെത്തുന്നതിനായി 50,000/ രൂപ അനുവദിച്ചിരുന്നു. ടി കുടുംബം അനിൽ കുമാർ തോട്ടത്തിൽ വീട്, പുതുക്കുളം (പി.ഒ.) എന്ന വ്യക്തിയിൽ നിന്നും ~~KL 02 AH - 8298~~ KL 02 AT - 8398 എന്ന നമ്പർ ഓട്ടോ ഒരു ലക്ഷം രൂപയ്ക്ക് വാങ്ങുകയും ആയതിന് ഒരു സാധാരണ രസീത് വാങ്ങി സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന് വാഹനവില്പന കരാർ ഉടമ്പടി എന്നിവയൊന്നും വാങ്ങിയിട്ടില്ല. വളരെ അലക്ഷ്യമായി കൈകാര്യം ചെയ്ത ഇത്തരം നടപടിക്ക് വിശദികരണം നല്കേണ്ടതാണ്. ന്യൂനതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 5) വിവാഹധനസഹായം

ആഡിറ്റ് കാലയളവിൽ ടി പദ്ധതിയ്ക്ക് വന്നിട്ടുള്ള പുരോഗതി, ചെലവ് വിവരം എന്നിവ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 2015-16 | 114 | 57,00,000 |
| 2016-17 | 169 | 84,50,000 |

ടി ആവശ്യത്തിലേയ്ക്ക് ഗുണഭോക്തൃ രജിസ്റ്റർ പരിപാലിക്കുന്നെങ്കിലും ചില ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1) 2015-16 ൽ 114 ഗുണഭോക്താക്കൾ ഉണ്ടെങ്കിലും 81 പേരുടെ വിവരങ്ങൾ മാത്രമേ രജിസ്റ്ററിൽ എഴുതിയിട്ടുള്ളൂ.

2) 80% പേരുടെ ഫോട്ടോകൾ രജിസ്റ്ററിൽ പതിപ്പിച്ചിട്ടില്ല.

# പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്

## (നിലവിൽ : ബി. ശ്രീകുമാർ (I/C))

വിഷയം :- പട്ടികജാതി വികസനം - പുന്നപ്ര എം.ആർ.എസ് -ലെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ - ടോട്ടൽ സ്റ്റേഷൻ സർവ്വെയും മണ്ണ് പരിശോധനയും നടത്തുന്നതിന് തുക അനുവദിച്ച് ഉത്തരവാകുന്നു.

സൂചന - ആലപ്പുഴ ജില്ലാ പട്ടികജാതി വികസന ആഫീസറുടെ 24.03.18 തീയതിയിലെ എ4-4433/18(2) നമ്പർ കത്ത്.

====================================================================

ഉത്തരവ് നമ്പർ : എഡ്യൂ.സി1-7498/18 തീയതി : 21.05.2018.

====================================================================

വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചു വരുന്ന ആലപ്പുഴ ജില്ലയിലെ പുന്നപ്ര എം.ആർ.എസ് -ൽ വിവിധ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ടോട്ടൽ സ്റ്റേഷൻ സർവ്വേ, മണ്ണ് പരിശോധന എന്നിവ നടത്തുന്നതിന് 3,00,000/- രൂപ അനുവദിക്കണമെന്ന് ആലപ്പുഴ ജില്ലാ പട്ടികജാതി വികസന ആഫീസർ സൂചന പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിലേയ്ക്ക് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റും ജില്ലാ പട്ടികജാതി വികസന ആഫീസർ ശുപാർശ സഹിതം അയച്ചു തന്നിട്ടുണ്ട്.

പുന്നപ്ര എം.ആർ.എസ് -ൽ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം, എ, ബി ബ്ലോക്കുകളുടെ നവീകരണം, ഔട്ട് ഡോർ സ്റ്റേഡിയം, സിന്തറ്റിക് ട്രാക്ക്, ഇൻഡോർ സ്വിമ്മിംഗ് പൂൾ, വെയിറ്റിംഗ് ഏര്യ തുടങ്ങിയ നിർമ്മാണ പ്രവൃത്തികൾ നടത്തേണ്ടതുള്ളതിനാൽ ടോട്ടൽ സ്റ്റേഷൻ സർവ്വേയും മണ്ണ് പരിശോധനയും അടിയന്തിരമായി പൂർത്തിയാക്കേണ്ടതുണ്ട്.

മേൽ സാഹചര്യത്തിൽ പുന്നപ്ര എം.ആർ.എസ്-ൽ നടത്തേണ്ട നിർമ്മാണ പ്രവൃത്തികളുമായി ബന്ധപ്പെട്ട് ടോട്ടൽ സ്റ്റേഷൻ സർവ്വെ, മണ്ണ് പരിശോധന എന്നിവ നടത്തുന്നതിന് പി.ഡബ്ല്യൂ.ഡി -യുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള 3,00,000/- രൂപ (മൂന്ന് ലക്ഷം രൂപ മാത്രം) അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ഇതിലേക്കാവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷത്തെ 2225-01-277-58(പി) എന്ന ശീർഷകത്തിൽ നിന്നും തേർച്ച ചെയ്യേണ്ടതും അസ്സൽ വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് അയച്ച് പകർപ്പ് ഈ ആഫീസിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)
ഡയറക്ടർ

ജില്ലാ പട്ടികജാതി വികസന ഓഫീസർ, ആലപ്പുഴ

പകർപ്പ് :-1. സീനിയർ സൂപ്രണ്ട്, പുന്നപ്ര എം.ആർ.എസ്
3. ഫിൻ സെക്ഷൻ (എ) (തുക അലോട്ട് ചെയ്യുന്നതിനായി)
4. പ്ലാനിംഗ് സെക്ഷൻ
5. കരുതൽ/അധികം

ഡയറക്ടർക്കു വേണ്ടി
ജോയിന്റ് ഡയറക്ടർ(വിദ്യാഭ്യാസം)

S 22.05.18

3) ജില്ലാ പട്ടികജാതി വികസന ഓഫിസറുടെ ഉത്തരവ് നമ്പർ, തീയതി, ബിൽ നമ്പർ, തീയതി എന്നിവ രജിസ്റ്ററിൽ എഴുതി ചേർത്തിട്ടില്ല.

4) പട്ടികജാതി വികസന ഓഫീസറുടെ സിഗ്നേച്ചർ കോളം ഒഴിഞ്ഞു കിടക്കുന്നു.

5) വിനിയോഗ സർട്ടിഫിക്കറ്റ് വിവരം ഇല്ല.

വിശദീകരണം നല്കേണ്ടതാണ്. ന്യൂനതകൾ പരിഹരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

## 6) ചികിത്സാധനസഹായപദ്ധതി

ടി ആവശ്യത്തിൻമേലുള്ള രജിസ്റ്റർ പരിശോധിച്ചപ്പോൾ 2016-17 ൽ 118 ഗുണഭോക്താക്കൾക്കായി 17,70,500/- രൂപ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ടി വർഷം 184 ഗുണഭോക്താക്കൾക്ക് 23,68,000/- രൂപ വിതരണം ചെയ്തിട്ടുള്ളതായിട്ടുള്ള കണക്കാണ് ആഫീസിൽ നിന്നും ലഭിച്ചിട്ടുള്ളത്. പ്രസ്തുത വ്യത്യാസത്തിനുള്ള വിശദീകരണം നല്കേണ്ടതാണ്. 2015-16 ൽ സെൽവരാജ്, പുത്തൻവീട്, കൊട്ടിയം എന്നയാൾക്ക് 8000/- രൂപ അനുവദിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടിയാൾ ഒപ്പിടാതെ തുക കൈപ്പറ്റിയിട്ടുള്ളതായി കാണുന്നു. വിശദീകരണം നല്കേണ്ടതാണ്. 2014-15 ൽ 21 ഗുണഭോക്താക്കൾക്ക് ആകെ 2,46,000/- രൂപ അനുവദിച്ചതായി കാണുന്നു. തുടർന്നു ക്രമനമ്പർ 22 മുതൽ 77 വരെ ഗുണഭോക്താക്കളുടെ പേര്, വിലാസം, ജാതി, തുക എന്നിവ എഴുതിയതായി കാണുന്നുവെങ്കിലും ടി തുക ഒപ്പിട്ട് കൈപ്പറ്റിയിട്ടുള്ളതായി കാണുന്നില്ല. വിശദീകരണം നല്കണം.

കൂടാതെ ഇതേ രജിസ്റ്ററിൽ തന്നെ 2007-08 ൽ ശാന്ത നടേശൻ, പ്ളാവിള വീട്, കിഴക്കുംകര 30,000/- രൂപ ഡി.ഡി.നമ്പർ.935871 തീയതി.29/07/2009 ജില്ലാ പഞ്ചായത്തിന്റെ ഭവനനിർമ്മാണ ഗ്രാന്റ് നല്കിയിട്ടുള്ളതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇത്തരത്തിൽ അലംഭാവമായിട്ടാണ് രജിസ്റ്ററുകൾ കൈകാര്യം ചെയ്തിരിക്കുന്നത്.

## 7) ടോയ്‌ലറ്റ് ധനസഹായ പദ്ധതി

ടി പദ്ധതിയ്ക്ക് 100 ഗുണഭോക്താക്കൾക്ക് 2015-16ൽ 25,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എല്ലാ ഗുണഭോക്താക്കളും ടോയ്‌ലറ്റ് നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. രജിസ്റ്ററും ഫയലും കുറ്റമറ്റ രീതിയിൽ കൈകാര്യം ചെയ്തിട്ടുണ്ട്. 2016-17 ൽ ടി പദ്ധതി നടപ്പിലാക്കിയിട്ടില്ല. വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് അയച്ചിട്ടുണ്ടെങ്കിൽ ആ വിവരം കൂടി അറിയിക്കുക.

## 8) സ്വയംതൊഴിൽ പദ്ധതി

ടി പദ്ധതിയ്ക്ക് 2016-17 ൽ 2 ഗുണഭോക്താക്കൾക്ക് സബ്സിഡി ഇനത്തിൽ ഒരു ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2015-16 ൽ ടി പദ്ധതി നടപ്പിലാക്കിയിട്ടില്ല. രജിസ്റ്ററിൽ ജില്ലാ പട്ടിക ജാതി വികസന ഓഫീസറുടെ ഉത്തരവ് നമ്പർ, തീയതി, ബിൽ നമ്പർ,

**പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം**

അയ്യങ്കാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ., തിരുവനന്തപുരം - 3

Phone No. 0471-2737240, 0471-2737241, 0471-2737243

email – sc.directorate@gmail.com

---

ഫിൻ.ബി2-3173/13 തീയതി : 19.05.2018.

ഡയറക്ടർ

ജില്ലാ പട്ടികജാതി വികസന ഓഫീസർ,
കണ്ണൂർ.

സർ,

വിഷയം :- പട്ടികജാതി വികസനം - വകുപ്പ്തല പരിശോധന - പയ്യന്നൂർ ബ്ലോക്ക് പട്ടികജാതി വികസന ആഫീസ് - 01.06.07 മുതൽ 31.03.12 വരെ - ന്യൂനതാ പരിഹരണം - സംബന്ധിച്ച്.

സൂചന :- താങ്കളുടെ 10.05.17 തീയതിയിലെ സി2-3437/17 നമ്പർ കത്ത്.

***********

ഈ ആഫീസിൽ വെച്ചു നടത്തിയ അദാലത്തിൽ സൂചന പ്രകാരം താങ്കൾ ലഭ്യമാക്കിയ മറുപടിയിന്മേലുള്ള അഭിപ്രായം ചുവടെ ചേർക്കുന്നു.

**ഭവന നിർമ്മാണ ധനസഹായം**

2007-08 മുതൽ 2011-12 വരെ അനുവദിച്ച വീടുകളിൽ ഇനിയും 76 വീടുകൾ പണി പൂർത്തിയാക്കാനുള്ളതായി കാണുന്നു. ടി വീടുകളുടെ നിർമ്മാണം നടപ്പ് സാമ്പത്തിക വർഷം തന്നെ പൂർത്തീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

വിശ്വസ്തതയോടെ,
(ഒപ്പ്)
ഡയറക്ടർക്കുവേണ്ടി
സീനിയർ ഫിനാൻസ് ഓഫീസർ.

ആജ്ഞാനുസരണം,

സൂപ്രണ്ട്.

പകർപ്പ് :- പട്ടികജാതി വികസന ആഫീസർ,
പയ്യന്നൂർ ബ്ലോക്ക്,
കണ്ണൂർ.

S 22.05.18

തീയതി എന്നിവ കൂടി ഉൾപ്പെടുത്തുക. 2004-05 ൽ ആരംഭിച്ച ടി രജിസ്റ്റർ ഒഴിവാക്കുകയും തുടർ വർഷങ്ങളിൽ പുതിയ രജിസ്റ്റർ തുടങ്ങുകയും ചെയ്യുക..

## 9) ദുർബലവിഭാഗങ്ങൾക്ക് പുനരധിവാസ പദ്ധതി

~~ടി പദ്ധതിയ്ക്ക് 2015-16ൽ 10 വിദ്യാർത്ഥികൾക്കായി 45,000/- രൂപയും 2016-17 ൽ 7 വിദ്യാർത്ഥികൾക്കായി 31,500/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ടി ആവശ്യത്തിന് രജിസ്റ്റർ നന്നായി പരിപാലിക്കുന്നു.~~

## 10. അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്

ടി പദ്ധതിയ്ക്ക് 2015-16 ൽ 10 വിദ്യാർത്ഥികൾക്കായി 45,000/- രൂപയും 2016-17 ൽ 31,500/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ടി ആവശ്യത്തിന് രജിസ്റ്റർ നന്നായി പരിപാലിക്കുന്നു.

## 11) പ്രീ മെട്രിക് എയിഡ്

2015-16 ൽ ടി പദ്ധതിയ്ക്ക് 1575 വിദ്യാർത്ഥികൾക്കായി 31,50,000/- രൂപയും, 2016-17 ൽ 1562 വിദ്യാർത്ഥികൾക്കായി 31,24,000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. സ്കൂൾ മേധാവികൾ വഴി നടപ്പിലാക്കിയ ടി പദ്ധതിയുടെ അക്വിറ്റൻസുകൾ വാങ്ങി വർഷം തിരിച്ചു ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ട്.

## 12) പ്രത്യേക പ്രോത്സാഹന പദ്ധതി

ടി പദ്ധതിയുടെ ~~ഭൗതിക~~ ~~സമയ~~ത്തെ ചെലവ് വിവരം, ഭൗതിക നേട്ടം എന്നിവ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 2015-16 | 129 | 2,86,000 |
| 2016-17 | 116 | 2,76,500 |

ടി ആവശ്യത്തിലേയ്ക്കുള്ള രജിസ്റ്റർ കുറ്റമറ്റ രീതിയിൽ പരിപാലിക്കുന്നു. മറ്റു പരാമർശങ്ങൾ ഇല്ല.

## 13) പാരലൽ വിദ്യാഭ്യാസ ഗ്രാന്റ്

2015-16 ൽ ഒരു പട്ടികജാതി വിദ്യാർത്ഥിയ്ക്ക് 7005/- രൂപ വിതരണം ചെയ്തത് മാത്രമാണ് ടി ഇനത്തിൽ വന്നിട്ടുള്ള ആകെ ചെലവ് . 2016-17 ൽ ടി ഇനത്തിൽ യാതൊരു തുകയും ചെലവഴിച്ചിട്ടില്ല. പാരലൽ സ്ഥാപനങ്ങളുടെ കുറവാണോ ഇത്തരത്തിൽ സംഭവിക്കുന്നത്. അതോ പാരലൽ ആനുകൂല്യത്തിന്റെ വിവരം വിദ്യാർത്ഥികൾ അറിയാത്തതിനാലാണോ? പ്രൊമോട്ടർമാർ ടി വിഷയത്തിൽ എല്ലാ പഞ്ചായത്തുകളിലും അവബോധം സൃഷ്ടിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 14) ലംപ്സം ഗ്രാന്റ്

2015-16, 2016-17 എന്നീ വർഷങ്ങളിൽ ലംപ്സം ഗ്രാന്റ് എത്ര ചെലവ് വന്നിട്ടുണ്ടോയെന്നോ? എത്ര പേർക്ക് ടി ആനുകൂല്യം നല്കിയെന്നോ? വിവരം ലഭിച്ചിട്ടില്ല. 2

**പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം**
അയ്യങ്കാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ., തിരുവനന്തപുരം - 3
Phone No. 0471-2737240, 0471-2737229, 0471-2737232
email – scdirectorate@gmail.com

ഡെവ.ബി1-1820/17 തീയതി : 09.05.2018.

ഡയറക്ടർ

പ്രിൻസിപ്പൽ സെക്രട്ടറി,
പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്,
ഗവ. സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം.

സർ,

വിഷയം :- പട്ടികജാതി വികസനം - ഏക വരുമാന ദായകന്റെ മരണം - തുക അനുവദിക്കുന്നത് സംബന്ധിച്ച്.

സൂചന :- 28.04.18 തീയതിയിലെ തിരുവനന്തപുരം ജില്ലാ പട്ടികജാതി വികസന ആഫീസറുടെ എ5-4300/17 നമ്പർ കത്ത്.

*******

സൂചനയിലേക്ക് സർക്കാർ ശ്രദ്ധ സദയം ക്ഷണിക്കുന്നു. ശ്രീമതി. ലളിത, പറയൻകോണം, പുത്തൻവീട്, ഞാറക്കാടുവിള എന്നയാളുടെ ഭർത്താവ് പുഷ്പാംഗദൻ 20.01.16 -ന് മരണപ്പെടുകയുണ്ടായി. കുടുംബത്തിന്റെ ഏക വരുമാന ദായകനായ ടിയാന്റെ മരണത്തോടു കൂടി കുടുംബം സാമ്പത്തികമായി വളരെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നതായി തിരുവനന്തപുരം ജില്ലാ പട്ടികജാതി വികസന ആഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യങ്ങൾ പരിഗണിച്ച് ശ്രീമതി. ലളിത, പറയൻകോണം, പുത്തൻവീട്, ഞാറക്കാട്ടു വിള എന്നയാൾക്ക് അർഹതയുടെ അടിസ്ഥാനത്തിൽ അനുവദനീയമായ ധനസഹായം നൽകുവാൻ അനുഭാവ പൂർവ്വം ശുപാർശ ചെയ്തു കൊള്ളുന്നു.

മേൽ നടപടികൾക്കായി അപേക്ഷകന്റെ അസ്സൽ അപേക്ഷയും മറ്റ് അനുബന്ധരേഖകളും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ടിയാൾക്ക് ഭർത്താവ് അപകടത്തെ തുടർന്ന് മരണപ്പെട്ടതിനാൽ CMPQDE -ൽ നിന്നും 1,00,000/- രൂപ അനുവദിച്ചതായി രേഖകൾ പരിശോധിച്ചതിൽ കാണുന്നുവെന്ന വിവരവും റിപ്പോർട്ട് ചെയ്തു കൊള്ളുന്നു.

വിശ്വസ്തതയോടെ,

ഡയറക്ടർക്കുവേണ്ടി
ജോയിന്റ് ഡയറക്ടർ(വികസനം).

S 15.05.18

വർഷങ്ങളിലും 58 സ്കൂളുകൾക്ക് ലംപ്സം ഗ്രാന്റ് തുക അനുവദിച്ചു നല്കിയിട്ടുണ്ടെങ്കിലും 2015-16 വർഷത്തിൽ 24 സ്കൂളുകളും, 2016-17 വർഷത്തിൽ 18 സ്കൂളുകളും തുക വിതരണം ചെയ്ത് അക്വിറ്റൻസ് നൽകിയിട്ടില്ല. അക്വിറ്റൻസ് നല്കാത്ത സ്കൂളുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

**2015-16**

1. ഗവൺമെന്റ് വി.എച്ച്.എസ്.എസ്. ചാത്തന്നൂർ
2. ഗവൺമെന്റ് എച്ച്.എസ്.എസ്. നെടുങ്ങോലം, ചിറക്കര
3. ഗവൺമെന്റ് എച്ച്.എസ്. പോത്തന്നൂർ
4. ~~ഗവൺമെന്റ്~~ C-F എച്ച്.എസ്.എസ്.കൊട്ടിയം
5. ഗവൺമെന്റ് എച്ച്.എസ്.എസ്. ചിറക്കര
6. ഗവൺമെന്റ് എച്ച്.എസ്. വെളിയനാട്
7. കോട്ടപ്പുറം എച്ച്.എസ്. പരവൂർ
8. എൻ.എം.എച്ച്.എസ്.എസ്. കൈതക്കുഴി
9. എ.എസ്.എച്ച്.എസ്.എസ്. പാരിപ്പള്ളി
10. കെ.പി.എച്ച്.എസ്. കല്ലുവാതുക്കൽ
11. എസ്.എൻ.റ്റി. എച്ച്.എസ്.എസ്. ചാത്തന്നൂർ
12. കെ.ജെ.എം.ഡി.എ.യു.പി.എസ്. കല്ലുവാതുക്കൽ
13. ചെമ്പകശ്ശേരി യു.പി.എസ്
13. ഗവൺമെന്റ് യു.പി.എസ്. കാളിക്കോട്
14. ഗവൺമെന്റ് യു.പി.എസ്. പരവൂർ
15. ഡി.എം.ജെ.യു.പി.എസ്. വിളവൂർകോണം
16. എസ്.എം.വി. യു.പി.എസ്. ചാത്തന്നൂർ
17. ~~ചെമ്പകശ്ശേരി യു.പി.~~എസ്.
18. ഗവൺമെന്റ് യു.പി.എസ് പൂതക്കുളം
19. ഗവൺമെന്റ് എൽ.പി.എസ്. കല്ലുവാതുക്കൽ
20. ഗവൺമെന്റ് എൽ.പി.എസ്. ഇടനാട്
21. ഗവൺമെന്റ് എൽ.പി.എസ്. പാരിപ്പള്ളി
22. എൽ.എം.എസ്.എൽ.പി.എസ് ചാത്തന്നൂർ
23. ഗവൺമെന്റ് എൽ.പി.എസ്. മൈലക്കാട്
24. കൈതക്കുഴി ഗവൺമെന്റ് എൽ.പി.എസ്.

**2016-17**

1. എ.ഡി.എച്ച്.എസ്. ആദിച്ചനല്ലൂർ
2. ഗവൺമെന്റ് എച്ച്.എസ്.വെളിയനാട്
3. എ.എസ്.എച്ച്.എസ്.എസ്. പാരിപ്പള്ളി

# പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

അയ്യങ്കാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ, തിരുവനന്തപുരം - 3
Phone No. 0471-2737240, 0471-2737229, 0471-2737232
*Email – sc.directorate@gmail.com*

---

**റ്റി. 2 – 10684/18** **തീയതി: 18. 05. 2018**

ഡയറക്ടർ

ജില്ലാ പട്ടികജാതി വികസന ആഫീസർ,
തിരുവനന്തപുരം, കൊല്ലം,പത്തനംതിട്ട,
കോട്ടയം, ആലപ്പുഴ, മലപ്പുറം, തൃശ്ശൂർ,എറണാകുളം,
പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്.

സർ,

വിഷയം:- പട്ടികജാതി വികസനം - 2018 - 19 ഐ.റ്റി.ഐ. ട്രെയിനിംഗ് കം -അഡീഷണൽ അപ്രന്റീസ്ഷിപ്പ് പദ്ധതി - സ്റ്റൈപ്പന്റ് അനുവദിക്കുന്നത് - സംബന്ധിച്ച് -

സൂചന:- സർക്കാർ ഉത്തരവ് (സാധാ) നമ്പർ.516/2018/പജപവവിവ തീയതി 27.04.2018 .

*****************

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. വകുപ്പിന്റെ കീഴിലുള്ള ഐ.റ്റി.ഐ.കളിൽ ട്രെയിനിംഗ് കം -അഡീഷണൽ അപ്രന്റീസ്ഷിപ്പ് പദ്ധതി പ്രകാരമുള്ള അപ്രന്റീസ് ട്രെയിനികൾക്ക് സ്റ്റൈപന്റ് നൽകുന്നതിന് സൂചന പ്രകാരം സർക്കാരിൽ നിന്നും ഭരണാനുമതിയും ഫണ്ടും ലഭ്യമായിരിക്കുന്നു. ജില്ലയിലെ ഐ.റ്റി.ഐ. കളിൽ ടി പദ്ധതി പ്രകാരമുള്ള അപ്രന്റീസ് ട്രെയിനികൾക്ക് സ്റ്റൈപ്പന്റ് നൽകുന്നതിന് ആവശ്യമായ തുകയുടെ വിവരം ഉടൻ ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,
**(ഒപ്പ്)**
**ഡയറക്ടർ**
**ഡയറക്ടർക്കു വേണ്ടി,**
**ട്രെയിനിംഗ് ഓഫീസർ**

**ആജ്ഞാനുസരണം**

**സൂപ്രണ്ട്**

4. ചെമ്പകശ്ശേരി യു.പി.എസ്. പൂതക്കുളം
5. ഗവൺമെന്റ് യു.പി.എസ്. കാളിക്കോട്
6. ഡി.എം.ജെ.യു.പി.എസ്. വിളവൂർകോണം
7. ഗവൺമെന്റ് യു.പി.എസ്. പരവൂർ
8. ഗവൺമെന്റ് എൽ.പി.എസ്. കരിമ്പാലൂർ
9. ഗവൺമെന്റ് എൽ.പി.എസ്. പൂതക്കുളം
10. ഗവൺമെന്റ് എൽ.പി.എസ്. ചാത്തന്നൂർ
11. ഗവൺമെന്റ് എൽ.പി.എസ് കല്ലുവാതുക്കൽ
12. ഡി.വി.എൽ.പി.എസ്. പൂതക്കുളം
13. ഗവൺമെന്റ് എൽ.പി.എസ് കടനാട്
14. ഗവൺമെന്റ് എൽ.പി.എസ്. പാരിപ്പള്ളി
15. എൽ.എം.എസ്. എൽ.പി.എസ് ചാത്തന്നൂർ
16. ഗവൺമെന്റ് എൽ.പി.എസ്. കൈതക്കുഴി
17. ഗവൺമെന്റ് എൽ.പി.എസ്. ആടുതല
18. മീനാട് എൽ.പി.എസ് ചാത്തന്നൂർ

മേൽപ്പറഞ്ഞ അക്വിറ്റൻസുകൾ വാങ്ങിയ്ക്കാത്ത നടപടികൾ അംഗീകരിക്കാൻ കഴിയില്ല. സ്കൂൾ അധികൃതർക്ക് എതിരെ എന്ത് നടപടികളാണ് എടുത്തിട്ടുള്ളത്. വകുപ്പു മേധാവികളെ വിവരം ധരിപ്പിച്ചിട്ടുണ്ടോ? ജില്ലാ പട്ടിക ജാതി വികസന ഓഫീസർക്ക് പ്രതിമാസം റിപ്പോർട്ട് കൊടുത്തത് ഏത് വിധത്തിൽ. മേൽപ്പറഞ്ഞ കാര്യങ്ങൾക്ക് തക്കതായ വിശദീകരണം നല്കേണ്ടതാണ്. മുഴുവൻ അക്വിറ്റൻസുകളും ശേഖരിച്ച് ആയത് രജിസ്റ്ററിൽ രേഖപ്പെടുത്തി വിവരം വകുപ്പ് ആഡിറ്റ് സെക്ഷനെ ബോധ്യപ്പെടുത്തേണ്ടതാണ്.

## വിഭാഗം IV

## വിവിധ രജിസ്റ്ററുകൾ

### 1) കണ്ടിജന്റ് രജിസ്റ്റർ

നിശ്ചിത രജിസ്റ്റർ തന്നെ പരിപാലിച്ചു വരുന്നു. പേജ് നമ്പർ എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ഓരോ എൻട്രിയിലും പട്ടിക ജാതി വികസന ഓഫീസറുടെ ഒപ്പ് ആവശ്യമാണ്. ന്യൂനതകൾ പരിഹരിക്കുക.

### 2) പേ ബിൽ രജിസ്റ്റർ

നിർദിഷ്ട രജിസ്റ്റർ തന്നെ പരിപാലിക്കുന്നു. കുറ്റമറ്റ രീതിയിൽ വിവരങ്ങൾ എഴുതുന്നുണ്ട്.

3) ഡെസ്പാച്ച് കം സ്റ്റാംപ് അക്കൗണ്ട് രജിസ്റ്റർ

ഫാറം നമ്പർ; VIII പ്രകാരം നിർദിഷ്ട രജിസ്റ്റർ ടി ആവശ്യത്തിലേയ്ക്ക് പരിപാലിക്കുന്നു. ടി രജിസ്റ്റർ എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആഡിറ്റ് കാലയളവിലെ സ്റ്റാംപ് ബാലൻസിന്റെ മൂല്യം (ഓരോ വർഷ അവസാനവും) ചുവടെ ചേർക്കുന്നു.

| | |
|---|---|
| 31.03.2015 ൽ | 194/- |
| 31.03.2016 ൽ | 136/- |
| 31.03.2017 ൽ | 984/- |

ദ്വൈമാസ സർട്ടിഫിക്കറ്റ് എഴുതി വരുന്നില്ലയെന്നതിനു പുറമെ 7/ 4/2015 നു ശേഷം 4/7/2016 വരെ സ്റ്റാംപ് രജിസ്റ്ററിൽ യാതൊരു വിധ സാക്ഷ്യപ്പെടുത്തലും വരുത്തിയില്ല. ആഡിറ്റ് ദിവസം (10/10/2017 ൽ) സ്റ്റാംപ് ബാലൻസ് 272/- രൂപ എന്നത് ഭൗതിക പരിശോധനയിലും ശരിയാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. മുൻ ആഡിറ്റിലും സ്റ്റാംപ് രജിസ്റ്റർ കുറ്റമറ്റ രീതിയിൽ പരിപാലിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ടി രജിസ്റ്റർ നിലവിലും അലക്ഷ്യമായി കൈകാര്യം ചെയ്തു വരുന്നു. സ്റ്റാംപ് ചെലവിൻമേൽ പട്ടിക ജാതി വികസന ഓഫീസറുടെ ഇനിഷ്യലോ ഒപ്പോ ചാർത്തുന്നില്ല. മേൽപ്പറഞ്ഞ ന്യൂനതകൾ പരിഹരിച്ചു വിവരം റിപ്പോർട്ടു ചെയ്യേണ്ടതാണ്. ക്യാഷ് ബുക്ക് കൈകാര്യം ചെയ്യുന്ന വിധത്തിൽ തന്നെ സ്റ്റാംപ് രജിസ്റ്ററും പരിപാലിക്കേണ്ടതാണ്. തുടർന്നും ഇതേ രീതിയിൽ ആണ് ടി രജിസ്റ്റർ പരിപാലിക്കുന്നുവെങ്കിൽ നിയമനടപടികൾ സ്വീകരിക്കുന്നതാണ്.

## 4) ഇൻക്യുബെന്റ് രജിസ്റ്റർ

ടി രജിസ്റ്റർ പരിപാലിച്ചു വരുന്നു. സി.ഗീത 2/2017 ൽ വിരമിച്ചിട്ടുള്ള വിവരങ്ങൾ എഴുതിയിട്ടുണ്ട്. തുടർന്ന് ചാർജ് എടുത്ത പട്ടിക ജാതി വികസന ഓഫീസർമാരുടെ വിവരങ്ങളൊന്നും എഴുതി വരുന്നില്ല. അപാകത പരിഹരിക്കേണ്ടതാണ്.

## 5) സ്റ്റോക്ക് രജിസ്റ്റർ

നിർദിഷ്ട രജിസ്റ്റർ അല്ലാതെ ഒരു ഫർണീച്ചർ രജിസ്റ്റർ എഴുതി വരുന്നു. ബ്ളോക്ക് പഞ്ചായത്തിന്റെ പ്രോജക്ട് വഴി പട്ടിക ജാതി പോസ്റ്റ് ഗ്രാജ്യുവേറ്റ് വിദ്യാർത്ഥികൾക്കുള്ള ലാപ് ടോപ്പ് വിതരണവും, ഹോസ്റ്റൽ ആവശ്യത്തിനായി ടി.വി., മിക്സി. സ്റ്റൗവ്, പാത്രങ്ങൾ എന്നിവ വാങ്ങി നല്കിയ വിവരങ്ങളും ടി രജിസ്റ്ററിലാണ് എഴുതിയിട്ടുള്ളത്. ബ്ളോക്ക് പഞ്ചായത്തിന്റെ പ്രോജക്ട് വഴി നടപ്പിലാക്കുന്ന വിവരങ്ങൾ ഉൾപ്പെടുത്തി മറ്റൊരു രജിസ്റ്റർ ആരംഭിക്കേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്ററിൽ

പട്ടിക ജാതി വികസന ഓഫീസിൽനിന്ന് വാങ്ങിയഫർണീച്ചർ എന്നിവ മാത്രം ഉൾപ്പെടുത്തി എഴുതി സൂക്ഷിക്കേണ്ടതാണ്.

## 6) ആഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ

ടി ആഫീസിൽ നിന്നും ആഡിറ്റ് പരിശോധനയ്ക്ക് ആഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ ലഭിച്ചിട്ടില്ല. KFC Vol I article 63 പ്രകാരം ആഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ ആരംഭിക്കുകയും വിവരം അറിയിക്കുകയും ചെയ്യുക.

## 7) സർവീസ് ബുക്ക്

1. ശ്രീ.ശ്രീജിത്ത്.ബി.ഐ. വാച്ച്മാൻ പെൻ നമ്പർ: 743177

ടിയാളുടെ വിവരങ്ങൾ എല്ലാം സർവീസ് ബുക്കിൽ എഴുതി വരുന്നുണ്ട്. 12.01.2015 മുതൽ 11.01.2016 വരെ കണക്കാക്കിയ ഏൺഡ് ലീവ് റികാസ്റ്റ് ചെയ്തു എഴുതി സൂക്ഷിക്കുക.

2. ശ്രീ.മാത്യു.ഡി. ഓഫീസ് അറ്റൻഡന്റ് പെൻ നമ്പർ: 482196

ടിയാളുടെ G.P.F., S.L.I., G.I.S. എന്നീ നോമിനേഷനുകൾ എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുക. ടിയാൾക്ക് കണക്കാക്കിയ (26/02/2004 മുതൽ 25/02/2005 വരെ) ആർജ്ജിതാവധി റീ കാസ്റ്റ് കചയ്ത് ലീവ് വരവിൽ ചേർത്ത് വിവരം അറിയിക്കുക.

3.ശ്രീമതി.ലാലിമോൾ.കെ.ബി. ക്ലാർക്ക് പെൻ നമ്പർ: 688330

ടിയാളുടെ ഫാമിലി പർട്ടികുലർ എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുക. 16.09.1996 മുതൽ 15.09.1997 വരെ കണക്കാക്കിയ ആർജ്ജിതാവധി റീ കാസ്റ്റ് ചെയ്തു വരവു വയ്ക്കുക. വൻ തോതിൽ വെട്ടിത്തിരുത്തലുകൾ, ഓവർ റെറ്റിംഗ് എന്നിവ വന്നിട്ടുണ്ട്. ഇത്തരം പ്രവൃത്തികൾ സർവീസ് ബാക്കിൽ വരാതെ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# വിഭാഗം IV

## പൊതു അഭിപ്രായം

ഇത്തിക്കര ബ്ളോക്ക് പട്ടികജാതി വികസന ആഫീസിന്റെ പ്രവർത്തനം പൊതുവെ തൃപ്തികരമാണ്. ടി ആഫീസിന്റെ പ്രവർത്തനത്തിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഉണ്ട്. പട്ടികജാതി വികസന ഓഫീസറെ സഹായിക്കാൻ ക്ളാർക്ക്,

ഓഫീസ് അറ്റൻഡന്റ്, അപ്രന്റീസ് ക്ളാർക്ക്, 8 പ്രൊമോട്ടർമാർ എന്നിവർ പ്രവർത്തിക്കുന്നു. എന്നാൽ പ്രസ്തുത ഓഫീസിന് അടുക്കും ചിട്ടയുമുള്ള പ്രവർത്തനം അത്യാവശ്യമാണ്. ഏത് രജിസ്റ്റർ പരിശോധിച്ചാലും അവയിന്മേൽ വേണ്ട നമ്പർ എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഫയലുകളും രജിസ്റ്ററുകളും വർഷം തിരിച്ച് അടുക്കി സൂക്ഷിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

റിപ്പോർട്ട് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

(ഒപ്പ്)
ഡയറക്ടർക്കു വേണ്ടി
സീനിയർ ഫിനാൻസ് ഓഫീസർ

**ആജ്ഞാനുസരണം**

**സൂപ്രണ്ട്**